# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5693 — 03.11.2016-ൽ മറുപടിയ്ക്ക്

## കേരള സാഹിത്യ അക്കാദമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ പുരുഷൻ കടലുണ്ടി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) കേരള സാഹിത്യ അക്കാദമിയിൽ ഇന്ന് എത്ര പുസ്തകങ്ങൾ സ്റ്റോക്കുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) കേരള സാഹിത്യ അക്കാദമി ലൈബ്രറിയിൽ 1,30,450 ഉം വില്പനവിഭാഗത്തിൽ ഏഴുലക്ഷത്തോളവും പുസ്തകങ്ങൾ സ്റ്റോക്കുണ്ട്. |
| (ബി) എഴുത്തിനും ഭാഷയ്ക്കും എഴുത്തുകാർക്കും വേണ്ടിയുള്ള മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കാനുള്ള എന്തെല്ലാം പരിപാടികളാണ് അക്കാദമിയുടെ അറുപതാം വാർഷിക ആഘോഷത്തിൽ ആസൂത്രണം ചെയ്യുന്നത്; | (ബി) ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) മലയാള പുസ്തകങ്ങളുടെ ചരിത്രവും വിവരശേഖരവുമായ 'ഗ്രന്ഥസൂചി' നിലച്ചിട്ട് എത്ര കാലമായി; ഇത് പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) 2001 മുതൽ നിലച്ചുപോയ മലയാള ഗ്രന്ഥസൂചിയുടെ പ്രവർത്തനം 2014 വർഷം പുനരാരംഭിച്ചു. മലയാള ഗ്രന്ഥസൂചിയുടെ എട്ടാം വോള്യം (1996-2000) 2015-ൽ പ്രസിദ്ധീകരിച്ചു. തുടർന്നുള്ള വോള്യങ്ങളുടെ ജോലി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

അക്കാദമികമായ ഔന്നത്യവും ഗൗരവവും പുലർത്തുമ്പോൾ തന്നെ കൂടുതൽ ജനകീയമാകാനും ഗ്രാമഗ്രാമാന്തരങ്ങളിലും സാന്നിദ്ധ്യം അറിയിക്കാനും അക്കാദമി ലക്ഷ്യമിടുന്നു. കേരളത്തിലെ കുടുംബശ്രീ കൂട്ടായ്മയിലും, ആദിവാസിമേഖലയിലും സാധാരണ തൊഴിലാളികൾക്കിടയിലും സാഹിത്യശില്പശാലകളും സെമിനാറുകളും സംഘടിപ്പിച്ച് അവരുടെ സാഹിത്യാവബോധത്തെ കൂടുതൽ പ്രബുദ്ധമാക്കാൻ അക്കാദമി ശ്രമിക്കും. അക്കാദമിയുടെ അറുപതാം വാർഷികം കേരളപ്പിറവിയുടെ അറുപതാം വാർഷികവുമായി ചേർത്തുവെച്ചുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകാനാണ് ലക്ഷ്യമിടുന്നത്. അക്കാദമി രൂപംകൊള്ളുന്ന സന്ദർഭത്തിൽ മുഖ്യമായും ലക്ഷ്യം വെച്ചത് ഭാഷയെയും അതുമായി ബന്ധപ്പെട്ടുനിൽക്കുന്ന സംസ്കൃതിയേയും പരിപോഷിപ്പിക്കത്തക്ക രീതിയിലുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക എന്നതാണ്. ഇന്ന് ഇന്ത്യൻ ദേശീയതയുടെ മുഖ്യമുഖമുദ്രയായ നാനാത്വത്തിന് നടുവിലുള്ള ഏകത്വം എന്ന ആശയം തകർക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഏകത്വം എന്നത് ഏതെങ്കിലും മതദേശീയതയിലേയ്ക്കുള്ള ഏകീകരിക്കലല്ല. വൈവിധ്യവും ബഹുസ്വരതയും നിലനിർത്തികൊണ്ട് എല്ലാതരം ഉപദേശീയതകളെയും അംഗീകരിച്ചുകൊണ്ട് ഇന്ത്യയുടെ സാംസ്കാരിക അഖണ്ഡത നിലനിർത്തുക എന്നതായിരുന്നു സ്വാതന്ത്ര്യപ്പിറവിയിൽ നാമെല്ലാം ആഗ്രഹിച്ചത്. എന്നാലിന്ന് എല്ലാതരം വൈവിധ്യങ്ങളെയും ഒരു മതദേശീയധാരയിലേയ്ക്ക് സമന്വയിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിനെതിരെ ജാതിമതവർഗ്ഗഭേദമെന്യേ മാനവികതയെക്കുറിച്ചുള്ള സന്ദേശം അടിസ്ഥാനതലങ്ങളിൽ എത്തിക്കുക എന്ന സാംസ്കാരിക ദൗത്യമാണ് കേരളത്തിലെ പുതിയ ഗവൺമെന്റ് വിഭാവനം ചെയ്യുന്നത്. അറുപതാം വർഷത്തിൽ ആസൂത്രണം ചെയ്യുന്ന പരിപാടികളിൽ കേരള ഗവൺമെന്റിന്റെ ഈ സാംസ്കാരികനയം തൃണതലങ്ങളിലേയ്ക്ക് എത്തിക്കാനുള്ള ശ്രമങ്ങൾ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെയും മറ്റു സാംസ്കാരിക സംഘടനകളുടെയും സഹായത്തോടുകൂടി അക്കാദമി നിർവ്വഹിക്കും.

സ്കൂൾ-കോളേജ് തലങ്ങളിൽ ചരിത്രത്തെ തിരിച്ചുപിടിക്കുക എന്ന ലക്ഷ്യത്തോടെ ഉള്ള കർമ്മപരിപാടികൾ വിദ്യാരംഗം പോലെയുള്ള സംഘടനകളുടെ സഹായത്തോടെ നടപ്പാക്കണമെന്നും അക്കാദമി ഉദ്ദേശിക്കുന്നു.

പ്രത്യേകിച്ച് സംഘടനാരൂപങ്ങളൊന്നുമില്ലാത്ത സോഷ്യൽ മീഡിയ സാംസ്കാരിക പ്രവർത്തനങ്ങളെ കുറിച്ച് അവരിലൂടെ യുവജനവിഭാഗങ്ങളുടെ താല്പര്യങ്ങൾകൂടി കണക്കിലെടുത്ത്, പുതുതലമുറയുടെ സാഹിത്യതാല്പര്യങ്ങൾക്ക് നേതൃത്വം നൽകാൻ എന്തുചെയ്യാൻ കഴിയും എന്നത് അക്കാദമി പരിശോധിക്കും. അക്കാദമിക്ക് കീഴിലുള്ള സാംസ്കാരിക സ്മാരകങ്ങളെ കൂടുതൽ ചലനാത്മകമാക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കും.

നിലവിൽ തുടർന്നുവരുന്ന പരിപാടികളെല്ലാം നിലനിർത്തിക്കൊണ്ടുതന്നെ കൂടുതൽ ക്രിയാത്മകമായ പ്രവർത്തനങ്ങളിലേയ്ക്ക് അക്കാദമിയെ നയിക്കുക എന്നതാണ് ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളിലൂടെ അക്കാദമി ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ